# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 705** **02.12.2015 ലെ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി കളാണ് ആസൂത്രണം ചെയ്തത്; | (എ) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് വിപുല മായ പദ്ധതികൾ സർക്കാർ തയ്യാറാക്കി യിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന 5 മെഡിക്കൽ കോളേജുകളെ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോന്നിയിലും തിരുവനന്തപുരത്തും ആരംഭി ക്കാനുദ്ദേശിക്കുന്ന പുതിയ രണ്ട് മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ പ്രവർത്ത നങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരികയാണ്. തിരുവനന്തപുരത്ത് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിനാവശ്യമായ മൂന്നു നിലയുള്ള അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം ജനറൽ ആശുപത്രി കാമ്പസിൽ പുരോഗമിച്ചു വരുന്നു. പ്രസ്തുത രണ്ട് കോളേജുകളിലും അടുത്ത അധ്യയന വർഷം തന്നെ ക്ലാസുകൾ തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. ടി കോളേ ജുകളിൽ പ്രാരംഭഘട്ടത്തിൽ ആവശ്യമായ തസ്തികകളും സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്. |

കോന്നി മെഡിക്കൽ കോളേജിനോട നുബന്ധിച്ചുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. നാലുനിലകളിലായുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവും ദ്രുതഗതി യിലാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 100 എം.ബി. ബി.എസ്. സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തി ക്ലാസുകൾ നടന്നു വരുന്നു. പ്രീക്ലിനിക്, പാരാക്ലിനിക് വിഭാഗങ്ങളുടെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജീകരി ക്കിന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായുള്ള തസ്തികകൾ സൃഷ്ടിക്കുന്ന നടപടിയും നടന്നു വരുന്നു.

ഇടുക്കി (ചെറുതോണി) ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജന പ്പെടുത്തി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് താത്കാലിക കാമ്പസിൽ 50 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തി പ്രവർത്തനം ആരംഭി ച്ചിട്ടുണ്ട്. പുതിയ കോളേജ് കെട്ടിടം പണിയുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. പ്രസ്തുത കോളേജിന് പ്രരംഭഘട്ടത്തിൽ ആവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചി ട്ടുണ്ട്. എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കു കയും ചെയ്തിട്ടുണ്ട്.

കൂടാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ 50 ഏക്കർ ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നു.

പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. ടി കോളേജിലും അടുത്ത അധ്യയന വർഷം തന്നെ കോഴ്സ് തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജ് എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

| | |
|---|---|
| (ബി) ഏതെല്ലാം മേഖലകളിലാണ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്; വിശദീകരിക്കുമോ; | (ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലും ബാക്കിയുള്ളവയെല്ലാം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലും തുടങ്ങാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ? | (സി) ചോദ്യം (എ) യുടെ ഉത്തരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ